**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 862** **11-02-2025 - ൽ മറുപടിയ്ക്ക്**

**ഉന്നതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ഉന്നതി എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | ഉണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ കാര്യക്ഷമമാക്കുക എന്ന ആശയത്തോടെ ഉന്നതി എന്ന പൊതുനാമത്തിന് കീഴിൽ നടപ്പാക്കി വരുന്നു.<br><br>യുവ സംരംഭകർക്ക് പരിശീലനവും പ്രോത്സാഹനവും നൽകുന്നതിന് ഉന്നതി - കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിക്കുകയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു.<br><br>ഉന്നതി സൊസൈറ്റിയെ നിലവിൽ പിന്നാക്ക വിഭാഗ വികസനവകുപ്പിന്റെ പ്രവർത്തന പദ്ധതികളുമായി ബന്ധപ്പെടുത്തിയിട്ടില്ല. |
| (ബി) | ഉന്നതി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് കൃത്യമായ മാർഗ്ഗനിർദേശവും പരിശീലനവും സാമ്പത്തികസഹായവും ശരിയായ മാനേജ്മെൻറ് പിന്തുണയും നൽകി ആധുനിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുക, സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ യുവാക്കൾക്കിടയിൽ തൊഴിലവസരങ്ങളും വരുമാനവും സ്വാശ്രയ ബോധവും സൃഷ്ടിക്കുക, പട്ടികജാതി പട്ടികവർഗ്ഗ യുവാക്കളെ സംരംഭകരായും തൊഴിൽദാതാക്കളായും സജ്ജമാക്കുക, പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസ-ആരോഗ്യ-സാമ്പത്തിക ഉന്നമനം, സാമൂഹ്യസുരക്ഷിതത്വം എന്നിവ ഉറപ്പ് വരുത്തുക, എസ്.സി. , എസ്.റ്റി സംരംഭകരുടെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, വിവിധ സർക്കാർ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക, സ്വദേശത്തും വിദേശത്തുമുള്ള തൊഴിൽ സാധ്യതകൾ വിലയിരുത്തി തൊഴിൽ നൈപുണ്യ പരിശീലനം നൽകി തൊഴിൽലഭ്യത ഉറപ്പുവരുത്തുക, |

| | | | |
|---|---|---|---|
| | | | **ഇതുവഴി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ജനതയുടെ തൊഴിലില്ലായ്മ പരിഹരിക്കുക എന്നിവ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ വഴി കാര്യക്ഷമമായി നിർവ്വഹിക്കുകയാണ് ഉദ്ദേശ്യ ലക്ഷ്യം.** |
| (സി) | ഉന്നതിയുടെ പ്രവർത്തനത്തിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (സി) | **ഉന്നതിയുടെ പ്രവർത്തനത്തിൽ തടസ്സങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |

സെക്ഷൻ ഓഫീസർ